# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 10/2024
# 30.11.2024 ശിക്ഷക് സദൻ കോഴിക്കോട്

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജന.സെക്രട്ടറി റിപ്പോർട്ട്
4. സമ്മേളനങ്ങൾ
5. മറ്റ് ആവശ്യമായ കാര്യങ്ങൾ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. ഗീതാനമ്പ്യാർ എം. കെ., സന്തോഷ് ടി. വർഗീസ്, ഡോ. വിനു ഭാസ്കർ, ഡോ. പ്രിൻസ് പി. ആർ., ഡോ. എം. എസ്. മുരളി, രഘുദാസ് പി. വി., ശശി സി. ടി., ഡോ. എ. ബാലകൃഷ്ണൻ, ഡോ.ബി.അശോക്, ഡോ. ഗായത്രിദേവി ജി., ഡോ. ആർ. പ്രഗാഷ്, ഡോ. സുമി ജോയി ഓലിയപ്പുറം, ഡോ. രജിത സി. ആർ., ഡോ. സുശാന്ത് പി., ഡോ. സഞ്ജയ് എസ്., ഡോ. ദിനേശൻ പി.കെ., ഡോ. ഷാനവാസ് പി.എച്ച്, ഡോ.സുജ ടി.വി, സോബിൻ വർഗീസ് എം. വി., ഡോ. ബേബി ഷീബ സി. പി., സജിത്ത് കുമാർ പി., അനൂപ് ജെ ആലക്കപ്പള്ളി ഡോ. മനോമോഹൻ ആന്റണി, ഡോ. സുനിൽ രാജ് എൻ. വി., ഡോ. അഗസ്റ്റിൻ എൻ. ജെ., സജീവ് യു. എസ്., ആൽബർട്ട് ആൻറണി ടി., ബ്രിജേഷ് എൻ. എസ്., ഡോ. സി. വി. ഷാജി, ഡോ. അജി. പി. എൽ., ഡോ. വിഷ്ണു വി. എസ്., ഡോ. റോസ് നിക്സ് പി.കെ., ഡോ.കെ.റഹീം, ഡോ.മഞ്ജുള കെ.വി ഡോ.ജയരാജ് ജെ., ഡോ. സെനോ ജോസ്, ഡോ. ഉദയകുമാർ പി, ഡോ. മുഹമ്മദ് ബഷീർ ടി., ഡോ. സുകുമാരൻ എം.

രാത്രി 9 മണിക്ക് കോഴിക്കോട് ശിക്ഷക് സദനിൽ ചേർന്ന സംസ്ഥാന പ്രവർത്തക സമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എൻ. മനോജ് ആധ്യക്ഷ്യം വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ. എം. കെ. ഗീതാനമ്പ്യാർ അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

പ്രശസ്ത എഴുത്തുകാരനും നാടകപ്രവർത്തകനുമായിരുന്ന പ്രൊഫസർ ഓംചേരി എൻ. എൻ. പിള്ള, സിനിമ - സീരിയൽ നടൻ മേഘനാദൻ, പ്രശസ്ത ചലച്ചിത്ര താരം ഡൽഹി ഗണേഷ് എന്നിവരുടെ നിര്യാണത്തിൽ എ.കെ.ജി.സി.ടി സംസ്ഥാന സമിതി യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

തുടർന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് ടി. റിപ്പോർട്ട് അവതരിപ്പിച്ചു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

2024 ജൂലൈയിൽ പ്ലെയ്സ്മെന്റിന് അപേക്ഷ സമർപ്പിച്ചവരുടെ സ്ക്രീനിംഗ് നടപടികൾ നവംബർ 11 മുതൽ 20 വരെ യൂണിവേഴ്സിറ്റി കോളേജിൽ വെച്ച് നടന്നു. ഉത്തരവുകൾ സമയബന്ധിതമായി ഇറങ്ങുന്നതാണ്.മ്യൂസിക് കോളേജ് അധ്യാപകരുടെ സർവ്വീസ് വിഷയങ്ങൾ പഠിക്കുന്നതിനായുള്ള കമ്മറ്റി രൂപീകരിച്ച്

എത്രയും വേഗം ഉത്തരവ് ഇറങ്ങുന്നതിനായി വേണ്ട ഇടപെടൽ നടത്തും. പ്രിൻസിപ്പൽ നിയമനം എത്രയും വേഗം സീനിയോരിറ്റി അനുസരിച്ച് നടത്തുവാൻ ആവശ്യമായ ഇടപെടൽ സംഘടന നടത്തുന്നതാണ്. നാലു വർഷ യു.ജിയുടെ ഒന്നാം സെമസ്റ്റർ വാലുവേഷനിൽ ഒട്ടനവധി പ്രയാസങ്ങൾ അധ്യാപകർ നേരിടുന്നുണ്ട്. സർവ്വകലാശാല മേഖലാ തലത്തിൽ യോഗം വിളിച്ച് അതാത് മേഖലയിലെ പ്രശ്നങ്ങൾ വിശദമായി പരിശോധിക്കണം. ഇവ സംസ്ഥാന തലത്തിൽ അക്കാദമിക് കമ്മിറ്റി ക്രോഡീകരിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ചർച്ച ചെയ്ത് വേണ്ട പരിഹാരം കാണുന്നതാണ്.കൂടാതെ ഇതിനായി സർക്കാർ ചുമതലപ്പെടുത്തിയ സമിതിയുമായും പ്രശ്നം ചർച്ച ചെയ്യുന്നതാണ്. നമ്മുടെ സമ്മേളനങ്ങൾ സമയബന്ധിതമായി നടത്തുന്ന കാര്യം ഇന്നത്തെ കമ്മറ്റി ചർച്ച ചെയ്യണം.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് ജില്ലാ റിപ്പോർട്ടിംഗും, അജണ്ടകളിന്മേലുള്ള വിശദമായ ചർച്ചകൾക്കും ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. പ്രിൻസിപ്പൽ നിയമനം, എയ്ഡഡ് കോളേജ് സർവീസ് പ്രമോഷന് പരിഗണിക്കുന്ന വിഷയം എന്നിവയിൽ വേണ്ട ഇടപെടൽ നടത്തുന്നതാണ്.
2. സംഗീത കോളേജ് അധ്യാപകരുടെ സർവീസ് വിഷയങ്ങൾ പഠിക്കാനുള്ള
3. കമ്മറ്റിയുടെ ഉത്തരവ് എത്രയും വേഗം ഇറക്കാൻ ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്.
4. നാലു വർഷ ഡിഗ്രിയുടെ ഒന്നാം സെമസ്റ്റർ പരീക്ഷാ മൂല്യനിർണ്ണയുമായി ഉയർന്നു വന്ന ആശങ്കകൾ മേഖലാ തലത്തിൽ യോഗം വിളിച്ച് ക്രോഡീകരിച്ച്, ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ചർച്ച നടത്തി പരിഹാരം കാണുന്നതാണ്.
5. സംഘടനയുടെ യൂണിറ്റ് സമ്മേളനങ്ങൾ ജനുവരി മാസത്തിലും, ജില്ലാ സമ്മേളനങ്ങൾ ഫെബ്രുവരിയിലും, സംസ്ഥാന സമ്മേളനം മാർച്ച് മാസം മൂന്നാമത്തേയോ, നാലാമത്തേയോ ആഴ്ചയിലുമായി നടത്തുവാൻ തീരുമാനിച്ചു.

യോഗം രാത്രി 10.30ന് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
30-11-2024

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി